പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **903**

**03.12.2014** ൽ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിലെ കടലാക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിലെ കടലാക്രമണം പ്രതിരോധിക്കുന്നത് സംബന്ധിച്ച് 03-06-2014 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടിയിരുന്നോ; യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (എ) യോഗം കൂടിയിരുന്നു. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ചെന്നൈ ഐ.ഐ.ടിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുള്ള അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നുവോ; പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ? | (ബി) & (സി) ചെന്നൈ ഐ.ഐ.ടിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുള്ള 5 പ്രവർത്തികളിൽ രണ്ട് എണ്ണത്തിൽ 547 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br>1. ചെന്നവേലിയിൽ കി.മീ. 105.818 മുതൽ 106.154 കി.മീ. വരെ പുലിമുട്ട് ശൃംഖലകളും കടൽഭിത്തി നിർമ്മാണവും (264 ലക്ഷം).<br>2. ആയിരംതൈയ്യിൽ കി.മീ. 112.014 മുതൽ 112.214 വരെ പുലിമുട്ട് ശൃംഖലകളും കടൽഭിത്തി നിർമ്മാണവും (283 ലക്ഷം).<br>കൂടാതെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ കി.മീറ്റർ 74.880 മുതൽ 75.275 വരെയും (260 ലക്ഷം), കിലോമീറ്റർ 75.275 മുതൽ 76.280 വരെയും (810 ലക്ഷം), കി.മീറ്റർ 76.280 മുതൽ 77.280 വരെയും (801 ലക്ഷം) പുലിമുട്ടുകളുടെ ശൃംഖലകളും കടൽ ഭിത്തി കെട്ടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**